**Tejas, Kochi, Sep 19**

# ടി.സി.എസ്.ഐ.ടി വിസ് ക്വിസ് ഒക്ടോബർ 5ന്

കൊച്ചി: പ്രമുഖ ഐ.ടി സർവീസസ് കൺസൾട്ടിങ് ബിസിനസ് സൊലൂഷൻസ് സ്ഥാപനമായ ടാറ്റാ കൺസൾട്ടൻസി സർവീസസ് ദേശീയ തലത്തിൽ സംഘടിപ്പിക്കുന്ന ഐ.ടി വിസ് കിസ് മത്സരത്തിന്റെ കേരള എഡിഷൻ ഒക്ടോബർ 5 ന് കൊച്ചിയിൽ നടക്കും.

8 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പങ്കെടുക്കാം. കൊച്ചി ഗോഗുലം കൺവൻഷൻ സെന്ററിലാണ് കേരള എഡിഷൻ മത്സരങ്ങൾ നടക്കുക. 14 പ്രാദേശിക കേന്ദ്രങ്ങളിൽ നിന്നും യു.എ.ഇ എഡിഷനിലും വിജയികളാവുന്നവർ ഡിസംബറിൽ ദേശീയ തലത്തിൽ മത്സരിക്കും.

പ്രാദേശിക തലത്തിൽ വിജയികളാവുന്നവർക്ക് ട്രോഫിക്ക് പുറമേ ഗാലക്സി നോട്ട്, ഗാലക്സി ടാബ് എന്നിവ സമ്മാനമായി ലഭിക്കും. മൽസരാർഥികൾക്ക് പഠിക്കുന്ന വിദ്യാലയത്തിൽ നിന്നും ടി.സി.എസ് ഐ.ടി വിസ് കോർഡിനേറ്റർ, ടി.സി.എസ്, തേജോമയ, ഇൻഫോപാർക്ക്, കൊച്ചി-30 എന്ന വിലാസത്തിൽ അപേക്ഷകൾ അയക്കാം.

www.tcsitwiz.com എന്ന വെബ് സൈറ്റിൽ ഓൺലൈനായും പേര് രജിസ്റ്റർ ചെയ്യാം. ഒക്ടോബർ 2 ആണ് രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി.